49 (2609) അനധികൃത നായാട്ടും വനവിഭവങ്ങളുടെ കള്ളക്കടത്തും

ശ്രീ. ബാബു ദിവാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനധികൃത നായാട്ടും വനവിഭവങ്ങളുടെ അനധികൃത കടത്തും തടയുവാൻ എന്തൊക്കെ പദ്ധതികളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സഞ്ചരിക്കുന്ന സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അത്തരം സ്ക്വാഡുകൾ സംസ്ഥാനവ്യാപകമായി പ്രവർത്തിക്കുന്നുണ്ടോ;

(സി) പ്രസ്തുത സ്ക്വാഡുകളുടെ പ്രവർത്തനഫലമായി കുറ്റകൃത്യങ്ങൾ കണ്ടെത്തി കേസ്സുകൾ രജിസ്റ്റർ ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ?

ഉത്തരം

(എ) അനധികൃത നായാട്ടും വനവിഭവങ്ങളുടെ അനധികൃതകടത്തും തടയുന്നതിന് ചുവടെപ്പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

(1) വനനിയമം, വന്യജീവി സംരക്ഷണ നിയമം എന്നിവ കർശനമായി നടപ്പിലാക്കുക.

(2) സംരക്ഷണ വിഭാഗം ജീവനക്കാരെ ഫീൽഡ് പട്രോളിംഗിനായി സജ്ജരാക്കുക, അവർക്ക് വാഹനം, വാർത്താവിനിമയോപകരണങ്ങൾ, ആയുധം എന്നിവ നൽകി ഫീൽഡ് പരിശോധന ഫലവത്താക്കുക.

(3) ബീറ്റ് സമ്പ്രദായം പരിഷ്കരിച്ച് ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ചു. ആകെ 88-ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

(4) വനപ്രദേശങ്ങളിലെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് പിൻബലമേകാൻ ഡിവിഷൻ തലത്തിൽ 8-ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷനുകളും 22 ഫ്ളയിംഗ് സ്ക്വാഡ് റേഞ്ചുകളും ആയുധ, വാഹന, വയർലസ്സ് സംവിധാനത്തോടുകൂടി പ്രവർത്തിക്കുന്നുണ്ട്. പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി കോഴിക്കോടും കോട്ടയവും കേന്ദ്രീകരിച്ച് വനം സർക്കിൾ കൺസർവേറ്റർമാരും വനംവകുപ്പ് ആസ്ഥാനത്ത് ഒരു വിജിലൻസ് വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററും പ്രവർത്തിക്കുന്നുണ്ട്.

(5) അയൽ സംസ്ഥാനങ്ങളുമായുള്ള അതിർത്തി പ്രദേശങ്ങളിലുള്ള ഡിവിഷണൽ ഫോറസ്റ്റാഫീസർമാർക്കും, വൈൽഡ് ലൈഫ് വാർഡൻമാർക്കും സംരക്ഷണ സംബന്ധമായ വിവരങ്ങൾ പരസ്പരം കൈമാറുന്നതിനും സംയുക്ത പട്രോളിംഗ് നടത്തുന്നതിനും സംരക്ഷണപ്രവർത്തനങ്ങൾ ഫലപ്രദമാക്കി വരുന്നു.

(6) കൂടാതെ വനം, വന്യജീവി സംരക്ഷണ സംബന്ധമായ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് 3 പ്രത്യേക കോടതികൾ നിലവിലുണ്ട്.

(7) വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നവർക്ക് പ്രശംസാ പത്രവും ക്യാഷ് അവാർഡും നൽകുന്നുണ്ട്.

(8) വനസംരക്ഷണം, വന്യജീവി സംരക്ഷണം എന്നിവയുടെ ആവശ്യകതയെക്കുറിച്ച് വേണ്ടത്ര അവബോധം സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. ഡിവിഷൻ തലത്തിൽ 8-ഫ്ളയിംഗ് സ്കാഡ് ഡിവിഷനുകളും 22 ഫ്ളയിംഗ് സ്കാഡ് റേഞ്ചുകളും ആയുധം, വാഹനം, വയർലസ്സ് സംവിധാനത്തോടു കൂടി പ്രവർത്തിക്കുന്നുണ്ട്. പ്രവർത്തനത്തിന്റെ മേൽനോട്ടത്തിനായി കോഴിക്കോട്ടും കോട്ടയവും കേന്ദ്രീകരിച്ച് വനം സർക്കിൾ കൺസർവേറ്റർമാരും വനംവകുപ്പ് ആസ്ഥാനത്ത് ഒരു വിജിലൻസ് ചീഫ് ഫോറസ്റ്റ് കൺസർവേറ്ററും പ്രവർത്തിക്കുന്നുണ്ട്.

(സി) ഉണ്ട്.

50 (2610) എ.സി.എഫ് തസ്തികയിലേക്കുള്ള നിയമനം

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഫോറസ്റ്റ് വകുപ്പ് സ്പെഷ്യൽ റൂൾസ് അനുസരിച്ച് വനംവകുപ്പിൽ എ.സി.എഫ്. തസ്തികയിലേക്കും റേഞ്ചർ തസ്തികയിലേക്കും ഉള്ള നിയമനത്തിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ബി) 1976 മേയ് ഒന്നിനും 1984 ജനുവരി ഒന്നിനുമിടയിൽ പി.എസ്.സി. പരിക്ഷയിലൂടെ നേരിട്ട് എ.സി.എഫ് മാരായി നിയമിക്കപ്പെട്ട 17 പേർക്ക് പ്രൊമോഷൻ നൽകാൻ കോടതിവിധിയുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് പ്രൊമോഷൻ നൽകാത്തതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് ഇപ്പോൾ ഡെപ്യൂട്ടി കൺസർവേറ്റർമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ തസ്തികയിലേക്ക് നിലവിലുള്ള സ്പെഷ്യൽ റൂൾ അനുസരിച്ച് 50% ഒഴിവുകൾ നേരിട്ടുള്ള നിയമനം വഴിയും 50% ഒഴിവുകൾ റെയ്ഞ്ചർമാരിൽനിന്നുള്ള പ്രൊമോഷൻ വഴിയുമാണ് നികത്തുന്നത്. നേരിട്ട് നിയമനത്തിനുള്ള ഉദ്യോഗാർത്ഥികളെ പി.എസ്.സി. മുഖേനയാണ് തെരഞ്ഞെടുക്കുന്നത്. ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി തെരഞ്ഞെടുക്കുന്ന റെയ്ഞ്ചർമാർക്കാണ് ഉദ്യോഗക്കയറ്റം നൽകുന്നത്. നേരിട്ടുള്ള നിയമനത്തിന് ഇപ്പോൾ നിലവിലുള്ള യോഗ്യത സയൻസ് വിഷയത്തിലുള്ള ബിരുദമാണ്. പി.എസ്.സി. തെരഞ്ഞെടുക്കുന്ന ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് ഫോറസ്റ്റ് സർവ്വീസ് കോളേജിൽ ഡിപ്ലോമ കോഴ്സിന് നിയോഗിക്കുന്നു. കോഴ്സ് പൂർത്തിയായി വരുന്നവരെ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ആയി നിയമിക്കുന്നു.

എക്സിക്യൂട്ടീവ് ഓഫീസർമാർക്കുള്ള അക്കൗണ്ട് ടെസ്റ്റും ഫോറസ്റ്റ് ടെസ്റ്റും പാസാകുന്ന റെയ്ഞ്ചർമാരെ സിനിയോറിറ്റി അനുസരിച്ച് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ആയി ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്നു. ഫോറസ്റ്റ് റെയ്ഞ്ചർ തസ്തികയിലേയ്ക്ക് 4 നിയമനരീതികൾ നിലവിലുണ്ട്. ആകെ തസ്തികയുടെ 25 ശതമാനം വീതം ഓരോ നിയമനരീതിക്കും സംവരണം ചെയ്തിട്ടുണ്ട്.

(1) നേരിട്ടുള്ള നിയമനം

LIBRARY ARCHIVES Kerala Legislative Assembly